"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.പി.ക്രിസ്റ്റഫറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**416/2025/TAXES** തീയതി,തിരുവനന്തപുരം, **29-04-2025**

---

പരാമർശം:-

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **05/03/2024** ലെ **SLTY/1374/2024/E-2** നമ്പർ കത്ത്
2. **05/03/2024** ലെ സ.ഉ.(സാധാ)നം.**207/2024/TAXES**
3. **24/04/2024** ലെ **TAXES-H1/84/2024-TAXES** നമ്പർ കുറ്റപത്രം
4. ശ്രീ.ക്രിസ്റ്റഫർ.പി യുടെ **17/05/2024** ലെ പ്രതിവാദ പത്രിക
5. **03.06.2024** ലെ **SLTY/1374/2024-E2** നമ്പർ കത്ത്
6. **11/06/2024** ലെ സ.ഉ.(സാധാ)നം.**518/2024/TAXES**
7. ശ്രീ.എം.രാജ് കപൂർ, ജോയിന്റ് ഡയറക്ടർ (ഓപ്പറേഷൻസ്) **13.12.2024** തീയതിയിൽ ലഭ്യമാക്കിയ ഔപചാരിക അന്വേഷണ റിപ്പോർട്ട്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസർ ആയി സേവനം അനുഷ്ഠിച്ച് വരവെ ശ്രീ.ക്രിസ്റ്റഫർ.പി. ട്രെയിൻ യാത്രക്കിടെ വിദേശ വനിതയോട് അപമര്യാദയായി പെരുമാറി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടിയാനെ ആലപ്പുഴ റെയിൽവേ പോലീസ് **04.03.2024** പകൽ **04.00** മണിക്ക് അറസ്റ്റ് ചെയ്ത് ക്രൈം നമ്പർ 56/2024 u/s 354 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി എന്ന് പരാമർശം (1) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (2) പ്രകാരം ടിയാനെ സേവനത്തിൽനിന്ന് സസ്പെൻഡ് ചെയ്തിരുന്നു.

2. തുടർന്ന്, ടിയാനെതിരെ പരാമർശം (3) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി വകുപ്പ്തല അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി.ആയതിന് ശ്രീ.പി.ക്രിസ്റ്റഫർ പരാമർശം (4) പ്രകാരം നല്കിയ പ്രതിവാദ പത്രികയിൽ തനിക്കെതിരെ ആരോപിച്ചിരുന്ന കുറ്റങ്ങളെല്ലാം നിഷേധിക്കുകയുണ്ടായി. തനിക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള പരാതിയിലെ ആരോപണങ്ങൾ തെറ്റിദ്ധാരണ മൂലം ഉടലെടുത്തതാണെന്നും പരാതിക്കാരി ആരോപിക്കുന്നതുപോലെ അപമര്യാദയായി പെരുമാറിയിട്ടില്ലെന്നും വ്യക്തി ജീവിതത്തിലും സാമൂഹിക ജീവിതത്തിലും തികഞ്ഞ അച്ചടക്കം പാലിക്കുന്ന ആളാണെന്നും തനിക്കെതിരെ യാതൊരു വിധത്തിലുള്ള പോലീസ് കേസ്സോ മറ്റ് വ്യവഹാരങ്ങളോ ഉണ്ടായിട്ടില്ലെന്നും ടിയാൻ വ്യക്തമാക്കിയിരുന്നു.

3. പ്രസ്തുത പ്രതിവാദ പത്രികയിന്മേൽ സംസ്ഥാന ഭാഗ്യക്കുറിവകുപ്പ്ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (5)-ലെ റിപ്പോർട്ടിലും ടിയാനെതിരെയുള്ള ആരോപണങ്ങളെല്ലാം കോടതിയിൽ തെളിയിക്കപ്പെടേണ്ടതാണെന്നും ടിയാന്റെ സേവന ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാൻ സത്യസന്ധനായ ഒരുദ്യോഗസ്ഥനാണെന്നും പ്രസ്താവിച്ചിരുന്നു.

4. തുടർന്ന്,അച്ചടക്കനടപടികളുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം പൂർത്തിയാക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (ഓപ്പറേഷൻസ്) ശ്രീ.എം.രാജ്കപൂറിനെ പരാമർശം പരാമർശം (6) പ്രകാരം ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടിയാൻ പരാമർശം (7) പ്രകാരം ലഭ്യമാക്കിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ചുവടെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു;

- ശ്രീ. ക്രിസ്റ്റഫറിനെതിരെ ചാർജ്ജ് ഷീറ്റ് തയ്യാറാക്കി ആലപ്പുഴ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി I- ൽ സമർപ്പിച്ചിട്ടുണ്ട്. ചാർജ്ജ് ഷീറ്റിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുള്ളതിനാൽ കോടതി അത് അന്വേഷണ ഉദ്യോഗസ്ഥന് തിരികെ നല്കിയിട്ടുണ്ട്.
- IPC 354 പ്രകാരമുള്ള ക്രൈം ആയതിനാൽ രഹസ്യസ്വഭാവമുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാകില്ല.
- കേസിന്റെ ട്രയൽ നാളിതുവരെ ആരംഭിച്ചിട്ടില്ല. എന്ന് ആരംഭിക്കുമെന്ന് പറയാനാകില്ല.

ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മൊഴികൾ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന വസ്തുതകൾ അന്വേഷണ ഉദ്യോഗസ്ഥൻ ക്രോഡീകരിച്ചിരുന്നു;

- ആലപ്പുഴ റെയിൽവേ പോലീസ് സബ്ഇൻസ്പെക്ടറുടെ അന്വേഷണത്തിൽ ശ്രീ.ക്രിസ്റ്റഫർ തനിക്കൊപ്പം യാത്ര ചെയ്ത വിദേശ വനിതയെ മനോവിഷമവും മാനഹാനിയും ഉണ്ടാകത്തക്കവിധം ബോധപൂർവ്വം കയറിപ്പിടിച്ച് മര്യാദലംഘനം നടത്തിയെന്നുള്ള റിപ്പോർട്ടിലെ മൊഴിയിൽ ഉറച്ചു നിൽക്കുന്നതിനാൽ ചാർജ്ജ് ഷീറ്റിലും അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിന് സമാനമായ റിപ്പോർട്ട് തന്നെയാകും രേഖപ്പെടുത്തിയിട്ടുണ്ടാകുക.
- ബഹു.ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ, പ്രോസിക്യൂഷൻ ഭാഗം പറയുന്ന കാര്യങ്ങൾ കോടതിയിൽ തെളിയിക്കപ്പെട്ടാൽ മാത്രമേ പ്രതി കുറ്റക്കാരനാകുന്നുള്ളൂ.
- കേസിന്റെ ട്രയൽ ഇതുവരെ തുടങ്ങുകയോ എന്നേക്ക് തീരുമെന്നോ പറയാൻ കഴിയില്ല.
- ശ്രീ.ക്രിസ്റ്റഫർ.പി-യുടെ മൊഴിയിൽ നിന്നും ടിയാൻ പറഞ്ഞ കാര്യങ്ങൾ തള്ളിക്കളയാൻ കഴിയാത്തതും വാദിയുടെ തെറ്റിദ്ധാരണയാകാനും സാധ്യതയുണ്ട്. കഴിഞ്ഞ 24 വർഷമായി വകുപ്പിൽ ജോലി ചെയ്യുന്ന ശ്രീ. ക്രിസ്റ്റഫർ ഓഫീസിലുള്ള വനിതാ ജീവനക്കാർ ഉൾപ്പെടെ ഉള്ളവരോട് മാന്യമായി മാത്രം പെരുമാറുന്നയാളാണ്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി. ക്രിസ്റ്റഫറിനെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നതിനപ്പുറം ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശ്രീ.പി. ക്രിസ്റ്റഫറിനെതിരെ ആരോപിച്ചിട്ടുള്ള കുറ്റം സ്ഥാപിക്കാനുതകുന്ന തെളിവുകളൊന്നും ലഭ്യമായിട്ടില്ല എന്നതിനാൽ തെളിവുകളുടെയും സാക്ഷികളുടെയും അഭാവത്തിൽ ശ്രീ. പി.ക്രിസ്റ്റഫറിനെ കുറ്റവിമുക്തനാക്കി ടിയാനെതിരെ ആരംഭിച്ചിട്ടുള്ള വകുപ്പ് തല അച്ചടക്ക

നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ.ക്രിസ്റ്റഫർ.പി, ജില്ലാ ഭാഗ്യക്കുറി ഓഫീസർ (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/84/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 29-04-2025 16:27:39
സെക്ഷൻ ഓഫീസർ